നം. 698/2014

താലൂക്കാശുപത്രി, പുനലൂർ
തീയതി: 15/01/2015
ഫോൺ നം. 0475 2222702.

# പുനർ ലേലനോട്ടീസ്

പുനലൂർ താലൂക്ക് ആശുപത്രി ഭൂമിയിലുള്ള ഒരു ആഞ്ഞിലി, ഒരു മുള്ളുവേങ്ങ, രണ്ട് മാവ് എന്നീ വൃക്ഷങ്ങൾ പരസ്യമായി ആശുപത്രി സൂപ്രണ്ട് ആഫീസിൽവച്ച് 2015 ജനുവരി മാസം 15 -ാം തീയതി വ്യാഴാഴ്ച പകൽ 11 മണിയ്ക്ക് ലേലം ചെയ്തു. എന്നാൽ മതിയായ തുക ലഭിക്കാത്തത് കൊണ്ട് ഈ ലേലം അസാധുവാക്കി, 2015 ജനുവരി മാസം 29-ാം തീയതി വ്യാഴാഴ്ച പകൽ 11 മണിയ്ക്ക് പുനർലേലം ചെയ്തു കൊടുക്കുന്നു.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2015 ജനുവരി മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിയ്ക്ക് മുമ്പായി നിരതദ്രവ്യം Rs. 10000/- ( പതിനായിരം ) രൂപ അടച്ച രസീത് വാങ്ങേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആളിന്റെ പേർക്ക് ലേലം സ്ഥിരപ്പെടുത്തുന്നതും, ലേലം കൊണ്ട ആൾ ഉടൻ തന്നെ ലേല തുക അടയ്ക്കേണ്ടതുമാണ്.

വൃക്ഷം മുറിച്ച് മാറ്റുന്നതിനുള്ള ചിലവുകൾ സ്വന്തം നിലയിൽ വഹിക്കേണ്ടതും വൃക്ഷത്തിന്റെ ഭാഗങ്ങൾ ആശുപത്രി പരിസരത്ത് നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ലേലം കൊണ്ട് അഞ്ച് പ്രവർത്തി ദിവസങ്ങൾക്കകം ആശുപത്രിയ്ക്കുള്ളിൽ നിന്നും തടിയും വൃക്ഷത്തിന്റെ ഭാഗങ്ങളും നീക്കം ചെയ്തിരിക്കണം.

ലേലം സ്ഥിരപ്പെടുത്തുന്നതിനും/അസ്ഥിരപ്പെടുത്തുന്നതിനും ആശുപത്രി സൂപ്രണ്ടിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

വൃക്ഷം മുറിച്ച് മാറ്റുന്നത് കൊണ്ട് ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതെയും വസ്തുവകകൾക്ക് നാശനഷ്ടം സംഭവിക്കാതെയും വൃക്ഷത്തിന്റെ വേരും മറ്റ് അവശിഷ്ടങ്ങളും പൂർണ്ണമായും ആശുപത്രി കോമ്പൗണ്ടിൽ നിന്നും ലേലം കൊള്ളുന്ന ആളിന്റെ സ്വന്തം ചിലവിൽ നീക്കം ചെയ്ത് കൊള്ളാമെന്ന് Rs. 100/- രൂപ പത്രത്തിൽ എഗ്രിമെന്റ് നൽകേണ്ടതാണ്.

ഈ ലേല നടപടികൾ നിലവിലുള്ള സർക്കാർ ചട്ടങ്ങൾ അനുസരിച്ചുള്ളതുമാണ്. വൃക്ഷം മുറിച്ചു മാറ്റുമ്പോൾ ആശുപത്രിയുടെ ഏതെങ്കിലും വസ്തുവകകൾക്ക് നാശനഷ്ടം നേരിട്ടാൽ അത് പൂർണ്ണമായും നികത്തിത്തരാൻ ലേലം കൈക്കൊണ്ട ആൾ ബാധ്യസ്ഥനാണ്.

കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവർത്തി സമയത്ത് താലൂക്ക് ആശുപത്രി ആഫീസുമായി ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

SUPERINTENDENT
Government Hospital
PUNALUR.

പകർപ്പ്:
(1) ഡയറക്ടർ, ആരോഗ്യവകുപ്പ് ( website-ൽ) പരസ്യപ്പെടുത്തുന്നതിന് വേണ്ടി.
(2) ജില്ലാ ഇൻഫർമേഷൻ ആഫീസർ (പത്രപരസ്യങ്ങൾക്ക് വേണ്ടി).
(3) നോട്ടീസ് ബോർഡ്, താലൂക്ക് ആഫീസ്, പുനലൂർ.
(4) നഗരസഭ, പുനലൂർ.
(5) വില്ലേജ് ആഫീസ്, പുനലൂർ (6) കരുതൽ ഫയൽ/ആഫീസ് പകർപ്പ്.